## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1866.** **16.02.2016 ന് മറുപടിയ്ക്ക്**

## ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്<br>,, ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴയ്ക്കൻ<br>,, കെ.ശിവദാസൻ നായർ :** | | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | സമൂഹത്തിൽ വർദ്ധിച്ച് വരുന്ന അമിത മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയിൽ നിന്നും കേരള സമൂഹത്തെ വിമുക്തമാക്കുക, മദ്യ-മയക്കമരുന്നുകൾക്ക് അടിമകളായവരെ ലഹരി മുക്ത ചികിത്സയിലൂടെ വീണ്ടും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സാമൂഹ്യ നീതി വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പൂർണ്ണമായ മേൽനോട്ടച്ചുമതല സംസ്ഥാന എക്സൈസ് വകുപ്പിനാണ്. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഫണ്ടിൽ നിന്നാണ് ടി ധനസഹായം നൽകുന്നത്. സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പരിശോധനകൾക്ക്ശേഷം അർഹരായ സ്ഥാപനങ്ങളെ കണ്ടെത്തി ധനസഹായം അനുവദിക്കുകയാണ് ചെയ്തു വരുന്നത്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ഈ പദ്ധതിയോട് അനുബന്ധിച്ച് പരിശോധനകൾ നടത്തി അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി 29.10.2013-ലെ സ.ഉ(സാധാ) നം.848/ 2013/നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എക്സൈസ് കമ്മീഷണർ ചെയർമാനായും, |

കെ.എസ്.ബി.സി. മാനേജിംഗ് ഡയറക്ടർ കൺവീനറായും, സാമൂഹ്യനീതി ഡയറക്ടർ, ഒരു സാമൂഹ്യപ്രവർത്തക എന്നിവർ അംഗങ്ങളായുമുള്ള സംസ്ഥാനതല സമിതിയും, ജില്ലാ കളക്ടർ ചെയർ മാനായും, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കൺവീനറായും ജില്ലാ സാമൂഹ്യനീതി ഡയറക്ടർ, ഒരു സന്നദ്ധ പ്രവർത്തകൻ എന്നിവർ അംഗങ്ങളായിട്ടുമുള്ള ജില്ലാതല സമിതിയും രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ പരിശോധനകൾ നടത്തുന്നതിനായി 23.08.2013 തീയതിയിലെ ജി.ഒ.(എം.എസ്) നം.147/2013/നി.വ പ്രകാരം ഇതിനായുള്ള മാനദണ്ഡം രൂപീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെയും, സംസ്ഥാനതല സമിതിയുടെയും പരിശോധനകൾക്ക്ശേഷം 2014-15 വർഷത്തേയ്ക്ക് 11 ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ആകെ 1,00,35,840/- രൂപ അനുവദിച്ചിട്ടുമുണ്ട്. 2015-16 സാമ്പത്തിക വർഷത്തേയ്ക്ക് ഇത്തരത്തിൽ ധനസഹായത്തിനർഹമായ 4 സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ